# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 754** **11.07.2016-ൽ മറുപടിക്ക്**

## ആര്യന്തൊടിക പാലം നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ** | ശ്രീ. ജി. സുധാകരൻ<br>പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പു മന്ത്രി |
| (എ) ഏറനാട് മണ്ഡലത്തിലെ ഭരണാനുമതി നൽകിയ ആര്യന്തൊടിക പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ആര്യന്തൊടിക പാലത്തിന്റെ സാങ്കേതിക അനുമതിയ്ക്കു വേണ്ടിയുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) തയ്യാറാക്കി വരുന്നു. മുൻകൂർ ലഭ്യമായ സ്ഥലത്തിന്റെ സ്കെച്ച് സ്ഥലമെടുപ്പ് നടപടികൾക്ക് വേണ്ടി വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ബി) സ്ഥലം പൂർണമായും ലഭ്യമാകാത്തതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്. |
| (സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ; | (സി) സ്ഥലം മാർക്ക് ചെയ്തു സ്കെച്ച് തയ്യാറാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ഡി) മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) സ്ഥലമെടുപ്പു നടപടികൾ തീരുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ